
little
KITEs
സകല



# നസീമ ബീവി. എം

ചീഫ് എഡിറ്റർ
എച്ച്.എസ്. ഫോർ ഗേൾസ്

# ലിറ്റിൽ കൈറ്റ്സ്.

## ഹൈടെക്

## വിദ്യാലയങ്ങളിലെ

## കുട്ടികളുടെ ഐ.ടി കൂട്ടായ്മ.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമാകുന്ന 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബ്ബുകൾ രൂപീകരിക്കാൻ 1995 സ്കൂളുകൾക്ക് കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ കൈറ്റ് അംഗീകാരം നൽകി.സ്കൂളുകളുടെ പട്ടിക [illegible] ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്,അനിമേഷൻ, സൈബർ സുരക്ഷ,മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമ്മാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-ഗവേണൻസ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ധ്യം നൽകുന്നതാണ് 'ലിറ്റിൽ കൈറ്റ്സ്' പദ്ധതി. ഈ കുട്ടികൾക്കായി പരിശീലനങ്ങൾക്കപ്പുറമെ വിദഗ്ധരുടെ ക്ലാസുകൾ, ക്യാമ്പുകൾ,ഇൻഡസ്ട്രി വിസിറ്റുകൾ എന്നിവ സംഘടിപ്പിക്കും.

സ്കൂളുകളിലെ ഹാർഡ്‌വെയർ പരിപാലനം,രക്ഷാകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം,പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകൽ, വിക്കിപീഡിയിലേക്കുള്ള ഉള്ളടക്ക നിർമ്മാണം, സ്കൂൾതല വെബ് ടിവികൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ സംഘടിപ്പിക്കും. മികച്ച സ്കൂളുകൾക്കും ക്ലബംഗങ്ങൾക്കും അംഗീകാരങ്ങൾ നൽകും.



little KITEs

# കുടുംബാംഗങ്ങൾ

# ഉള്ളടക്കം.....


ആമുഖം.......................................................3
എന്റെ സ്കൂൾ..............................................4
അമ്മ.........................................................5
അമ്മ.........................................................6
എന്റെ ഗ്രാമം..............................................7
എന്റെ വിദ്യാലയം........................................8
എന്റെ ലോകം.............................................9
കേരളം എന്റെ അമ്മ...................................10
ജീവിതം....................................................11
ഭൂമി........................................................12
നാൾ വരും................................................13
നീലാകാശം...............................................14
പ്രളയത്തിൽ കേരളം....................................15
മഴ പോൽ.................................................16
മാനം.......................................................17
മധുര മലയാളം..........................................18
വിടവാങ്ങൽ..............................................19
യാത്രാമൊഴി..............................................20
കിനാവിന്റെ ചെപ്പുതാഴ്...............................21
ഏകാകിനി.................................................22
ലോക സൗന്ദര്യം.........................................23
മനസ്സിന്റെ സൗന്ദര്യം മനോഹരം..................24
കണ്ണുനീർ.................................................25
നിലാവ്....................................................26
മഴത്തുള്ളികൾ കണ്ണുനീർ തുള്ളികളായപ്പോൾ.27
ക്രൂരം.......................................................28
പച്ചത്തുരുത്തുകൾ തേടുമ്പോൾ.....................29-31
എന്റെ വീട്................................................32
വായനയിലൂടെ അറിവിന്റെ ആകാശത്തേക്ക്33
പിതാവിന്റെ പരീക്ഷ...................................34
ഒറ്റനോട്ടത്തിൽ കേരളം..............................35
ഇമ്പപാലം.................................................36-43
മൊബൈൽ ഫോൺ മാലിന്യം.....................44
അമൂല്യമായ സമ്പത്ത് വായന .......................45
അച്ഛൻ മകൾക്കയച്ച കത്തുകൾ...................46
നെറ്റിൽ കണ്ടതെല്ലാം പൊന്നല്ല ...................47

ഇത്

"സകല"

കലകളുടെ കേദാരം

സാങ്കേതികത കതിരപ്പുറത്തേറി

പായുമ്പോൾ

അശ്വഹൃദയ മന്ത്രമറിഞ്ഞ്

വിജയ സോപാനമേറാനായ്....

"സകല"

കഥകളുടെ....

കവിതകളുടെ....

ചോദ്യശരങ്ങളുടെ....

പുതുപുത്തൻ ചിന്തകളുടെ....

യാത്രാനുഭവങ്ങളുടെ....

ലേഖനങ്ങളുടെ....

അനുഭവക്കുറിപ്പുകളുടെ....

കുസൃതി ചോദ്യങ്ങളുടെ....

"സകല"

പുത്തനറിവുകൾ തൊട്ടറിഞ്ഞ്....

കാതോർത്ത്....

വിനയപൂർവ്വം സമർപ്പിക്കുന്നു

"സകല "

# എന്റെ സ്കൂൾ..

ഒരു ശതാബ്ദക്കാലമായി പത്തനാപുരം താലൂക്കിലെ വിദ്യാഭ്യാസരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകി വരുന്ന പത്തനാപുരം താലൂക്ക് സമാജം സ്കൂൾ വിഭജിച്ച് 1974 ജൂലൈ -1-നാണ് ഹൈസ്കൂൾ ഫോർ ഗേൾസ് പുനലൂർ എന്ന പേരിൽ ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്.

താലൂക്ക് സമാജത്തിന്റെ മൂന്ന് ഹൈസ്കൂളുകളിൽ ഏറ്റവും പ്രായം കുറഞ്ഞ ഈ സ്കൂൾ തന്റെ മികച്ച പ്രവർത്തനങ്ങളാൽ ഉന്നത സ്ഥാനത്ത് വിളങ്ങി നിൽക്കുന്നു.

2018-19 അദ്ധ്യാനവർഷത്തിൽ 25 ഡിവിഷനുകളിലായി 847 വിദ്ധ്യാർത്ഥിനികൾ ഈ സരസ്വതി വിദ്യാലയത്തിൽ അദ്ധ്യനം നടത്തി വരുന്നു. പ്രധാന അധ്യാപിക ഉൾപ്പെടെ 36 അധ്യാപകരും 5 അനധ്യാപകരും ഇവിടെ സേവനം അനുഷ്ഠിക്കുന്നു..



# അമ്മ.

ശുഭനന്ദിനി.ആർ
7.E



അമ്മതൻ ചേലൊലി പൂന്തിങ്കളേ.
അമ്മതൻ പാൽവെണ്ണ നുകരുന്നവൾ
ആയിരമായിരം കലമ്പിയാലോ
ആരോടുമില്ലാത്ത സ്നേഹമാണ്

അമ്മതൻ ചേലൊലി പൂന്തിങ്കളേ...

അക്ഷരം തന്നൂളമൊഴിഞ്ഞു അമ്മ
അച്ഛനെന്നെന്നോട് ചൊല്ലിയമ്മ
നമ്മുടെ എല്ലാം ജീവനല്ലേ
നമ്മളിൽ ജീവൻ പകർന്നതമ്മ.

അമ്മതൻ ചേലൊലി പൂന്തിങ്കളേ
അമ്മതൻ പാൽവെണ്ണ നുകരുന്നവൾ
ആയിരമായിരം കലമ്പിയാലോ
ആരോടുമില്ലാത്ത സ്നേഹമാണ്.

അമ്മതൻ ചേലൊലി പൂന്തിങ്കളേ...

# അമ്മ...

സൈന.മസൂദ്
6B

സ്നേഹം നിറഞ്ഞൊരു
കെടാവിളക്കാണെന്റെ അമ്മ
അമ്മതൻ സ്നേഹ സ്പർശത്തിലൊളി -
ഞ്ഞിരിക്കുന്നൊരാ സ്നേഹം......

സന്ധ്യ മയങ്ങി അമ്പിളിമാമൻ
ഉദിച്ചുപൊങ്ങുന്നൊരാ നേരം
താരാട്ടു പാടി ഉറക്കിയ
സ്നേഹത്തിൻ ദീപമെന്നമ്മ....

കരുണയും സ്നേഹവും ലാളനയും
ഒരുമിച്ചു ചേർന്നൊരെൻ അമ്മ
ഒരു സ്നേഹത്തിൻ ദീപമെന്നമ്മ..........

# എന്റെ ഗ്രാമം

ഞാനൊരു കുഞ്ഞ് ഗ്രാമം
നല്ല ചേലുള്ള സുന്ദര ഗ്രാമം
പ്രകൃതി ഹരിത മനോഹര
ഭംഗിയാൽ നിറഞ്ഞ സുന്ദര ഗ്രാമം........

പാടത്തിന് വക്കത്തു പണിയെ-
ടുക്കും കർഷകരുള്ള ഗ്രാമം
പൊൻ നിറ പൂണ്ടു നിൽക്കുന്ന
നെല്ല് കതിരുകളെ കണ്ട്
മനസ്സ് ആനന്ദലഹരിയിൽ
ആണ്ടുപോയിരുന്നു
തണുത്ത ഇളം കാറ്റിലൽ
ആടി ഉലയുന്ന തരുകളെ
കണ്ടാൽ മതി മനസ്സിനു
ആഹ്ലാദ ലഹരിയാൽ ലയിച്ചു
പോകാൻ...............

# എന്റെ വിദ്യാലയം

നൈഷാന. എസ്സ്
6B

പ്രകൃതി രമണീയമാം എന്റെ വിദ്യാലയം
ഒരു പുളക മാർത്തെന പോലെ
പ്രൗഢ ഗംഭീരമായി
നിലകൊള്ളുന്ന എൻ വിദ്യാലയം.......
എന്റെ സഹപാഠികളോട്
ഉരിയാട്ടും നിമിഷങ്ങളിൽ
എന്റെ മനസ്സിൽ വിരിയും
സൗഹൃദത്തിൽ പൂക്കാലം......
എൻ ഗുരുക്കൻമാർ
മനസ്സിലെ അജ്ഞാനം മാറ്റി
നേർവഴിക്ക് നയിച്ചിട്ടും
ദൈവ തുല്യർ......
ഞങ്ങളാം വിദ്യർത്തികളെ
സ്വന്തം മക്കളെ പോലെ കരുതി
സ്നേഹവും വിദ്യയും ഏകി
നല്ലൊരു മർത്യനാക്കി
വിദ്യാലയം.........................

# എന്റെ ലോകം



അച്ഛനും അമ്മയും കൊച്ചനുജനുമായ്
ഒന്നിച്ചു വാഴുന്നതെന്റെ ലോകം.
ഈ ലോകമെന്നെന്നും എന്റെ മനസ്സിലെ
പൂന്തോട്ടമെന്നു ഞാൻ പാടിടുന്നു.

കൂട്ടുകാരെപ്പോഴും എന്തിനും ഏതിനും
കൈത്താങ്ങായി കൂടെ നിൽക്കും.
എന്നുള്ളിലെവിടെയോ മറഞ്ഞുകിടക്കുന്ന
കലയെ പ്രചോദനമാക്കിടാനായ്.

അധ്യാപകർ എന്നിൽ അറിവുപകരുന്നു
അറിവിന്റെ ലോകത്തേക്കെന്നെ പറത്തുന്നു.
പുസ്തകത്താളിലൂടറിവിന്റെ-
ലോകത്തെത്തിക്കുവാനായ് ശ്രമിച്ചിടുന്നു.

---------------------

# കേരളം എന്റെ അമ്മ

മനോഹരം മനോഹരം ഈ

ഭൂമി എത്ര മനോഹരം അതിലെത്രയോ സുന്ദരം

നാം വസിക്കും കേരളം. കേരം നിറഞ്ഞൊരീ

കേരളം ഇന്നോർമ്മ മാത്രമായ് മാറിടുന്നു കേരളത്തെ

സുന്ദരിയാക്കും കേരങ്ങളെല്ലാം മാഞ്ഞിടുന്നു പച്ച

വിരിച്ചൊരാ നെൽപ്പാടങ്ങൾ മണ്ണാൽ മൂടപ്പെടുന്നു

കേരളത്തിൽ തനിമയെ മാറ്റിമറിക്കാൻ ശ്രമിക്കുകയോ

ഒരു നേരമന്നം കഴിക്കാൻ കഴിയാതെ പട്ടിണിയാകുമോ

നിർജനങ്ങൾ അറിയുകില്ല എനിക്കറിയുകില്ല ഇങ്ങനെ

ആയാൽ നാടിന്റെ സ്ഥിതി. സ്വന്തം കുഞ്ഞിനെ മാറോടു

ചേർത്ത

അമ്മ. നമ്മുടെ കേരളത്തിന് ജന്മം തന്ന അമ്മയെ

സംരക്ഷിക്കുക

ഓരോ മക്കളുടേയും കർത്തവ്യം

കർത്തവ്യ ബോധം മറന്നൊരിക്കലും

സ്വപ്നത്തില് വഴുതി വീഴരുത്.

--------------------------------------------



കവിത

# ജീവിതം......

ജസ്ന നസീർ
9th A



ജീവിതനൗക തുഴഞ്ഞു
കൊണ്ടയാൾ അലയുകയായിരുന്നു........

ഈ ജന്മം മുഴുവൻ ഒരുനാൾ
വരുമെന്ന പ്രതീക്ഷയോടെ..............................

---

കവിത

# ധൃതി

ആർദ്ര രഞ്ജിത്ത്
9.A

ധൃതി തേടിയുഴലുന്ന മർത്ത്യർക്കു മനസ്സിന്റെ
ഗതിവിഗതി പാർക്കുവാനാവാതെ സന്തതം
നിഴലുകളെയൊക്കെയും പുൽകിട്ടുഗതിതൻ
വഴിയിലോടി തെറ്റിപ്പതിക്കുന്ന മേൽക്കുമേൽ

ഇരുളിലൊളിതേടാതെ സന്തതമതിൽ വാണനാ-
ളിരുളിന്റെ യുഗങ്ങളെത്രയോ വാണവർ പോൽ
ഒരു പൊട്ടക്കുളത്തിൽ വാണരുളുന്നൊരാമതൻ
വിരുളു ലവലേശവും കാണാതെ വാഴുമാം

അറിയുവാനുതകാതിരിപ്പാശിച്ചിടുന്നവർ-
ക്കറിവിന്റെയറിവതായറിയിക്കുമറിവതായ്
പരമവരമൊപ്പമായതളിവെളിവേകുന്ന
പരമധൃതിയാണെന്നോർക്കിലേവർക്കുമാശ്രയം

അറിയേണ്ടതറിയാതെ, ഇരുളിലിരുന്നറിഞ്ഞിട്ട്
അറിയുന്നശേഷവും ഞാനെന്നഹങ്കരിച്ചിട്ടും
മനമേകന്റെ, [illegible]-
[illegible]

ഉലകിനതിരായ് വാഴുന്നവരുണ്ടെങ്കില-
ങ്ങവിടെ, ഉള്ളപോലെ ഭൂലോകമൊക്കെയും ശൂന്യമാം
അതുകൊണ്ട് നിത്യമായുള്ളതറിയണമെന്നാം

ധൃതിതന്നെയെന്നുറച്ചുത്സാഹപൂർവ്വകം
തിരയേണമുള്ളിന്റെയുള്ളിൽ ലോകൈഷിണ-
മറിയാതിച്ചാശക്തിയോടുകൂടി ദ്രുതം
ബാധയേതും വിനാ സ്വാന്തത്തിൽ വാണിടും
ബോധംധൃതിയായ്ത്തെളിഞ്ഞിടും തൽക്ഷണം

# നാൾ വരും



കർമ്മഭൂമി ജന്മനാടായി
മാറിടുന്ന നാൾവരും.
മാനവർ രക്തം ഇറ്റിറ്റായി
വീഴും നാൾവരും.
ആരും ഉറങ്ങാത്ത
രാത്രി പകലാവുന്ന
നാൾവരും.........
മനതാരിൽ ഭീതി
ഉണരുന്ന നാൾവരും.
എന്നും നിറകണ്ണീരായ്
മാറിടുന്ന നാൾവരും.
ഒരിറ്റു ദാഹജലത്തിനായ്
യുദ്ധം ചെയ്യും നാൾവരും.
മാനവർ ജലത്തിനായ്
കേണിടുന്ന നാൾവരും.
മിത്രങ്ങൾ ശത്രുക്കളാവുന്ന
നാൾവരും..................
നീല സമുദ്രം തൻ ആഴത്തിൽ,
ചായാൻ ആഗ്രഹിക്കുന്ന
നാൾ വരും.................
പക്ഷിമൃഗാദികൾ ഭ്രാന്തമായി
അലറുന്ന നാൾവരും.
ജീവൻ പൊലിയേണ്ടെങ്കിൽ
സംഭരിക്കൂ ജലം നാളേക്കായ് !

# നീലാകാശം

അതിരില്ലാതെ പരന്നുകിടപ്പൂ-
ണ്ടാകാശം, നീലാകാശം
അവിടെ പക്ഷികണക്കേ പാറാൻ
കവിയുന്നുണ്ടേ മോഹം
ഗഗരഥത്തിൽ കയറിപ്പോകാം
ഗതിയില്ലല്ലോ വേറെ
ചിറകില്ലാതെ, രഥമില്ലാതെ
പാറനെങ്ങനെയാവും ?
ആരു കൊടുത്തുശക്തി മനസ്സിനു
ദൂരം തരണം ചെയ്യുവാന്.

---

# എന്റെ മഴ

ഇന്നലെ മുറ്റത്ത് കണ്ട വെള്ളം
ഇന്നെങ്ങോ പോയി മറഞ്ഞുവല്ലോ
ഇന്നലെ കണ്ടത് മഴയാണെന്ന്
ഇന്നമ്മ ചൊന്നപ്പോ ഞാനറിഞ്ഞു
അയ്യോ മഴയെ നീ പോയ് മറഞ്ഞോ
എന്നിനി നിന്നെ എനിക്കു കാണാം
തുള്ളിക്കളിക്കാൻ കൊതിച്ചതല്ലേ
കളിവള്ളം തുഴയാമെന്നോർത്തതല്ലേ
കൂട്ടരോടെല്ലാം ചൊന്നതല്ലേ
എവിടേക്കുപോയി നീ വന്നീടാമോ
തഴുകി തലോടി നനച്ചിടാമോ.

---

# പ്രളയത്തിൽ കേരളം

ശ്രീധന്യ.എസ്
7.D

**മ**ഴയായ് വന്നു
ദുരന്തമായ് പ്രളയം
കേരളമണ്ണിനെ
ഭീതിയിലാഴ്ത്തി
ഒടുവിൽ കേരളം വെള്ളത്തിനടിയിൽ
കാലിട്ടടിക്കും ഒരു കുഞ്ഞുപോൽ തേങ്ങി...
അതിലും തകരാതെ കേരളീയർ
ദുരന്തത്തെ പിന്നിട്ട് മുന്നോട്ട് പൊരുതി......
ഒന്നിലും പതറാതെ ഒത്തുപിടിച്ചു.........

---

# മഴ പോൽ...

ന്ദന.ബി.പി.
9th A



ഞാൻ മണ്ണും,
നീ മഴയുമാകുന്നു......

ഉരുവായി നീ പൊഴിയുമ്പോൾ
ആ കുളിരു മുഴുവൻ
ഞാൻ ആവാഹിക്കുന്നു
കോരിച്ചൊരിയുന്ന നിന്റെ സമൃദ്ധിയും
ഞാനേറ്റു വാങ്ങുന്നു......

നിന്റെ സ്പർശനത്താൽ
പൊട്ടി വിടർന്ന്
ആകാശം മുട്ടെ വളരാൻ
എന്റെയുള്ളിൽ
മഹാവിപിനങ്ങൾ തപസ്സുചെയ്യുന്നു.....

സ്വപ്നങ്ങൾ പുഴകളായിയൊഴുകാൻ
ഉറവുപൊട്ടുന്നു..........

നിന്റെ ഘനശ്യാമവും,
മിന്നൽപിണരുകളും,

ഇടിമുഴക്കങ്ങളും
എന്നിലെ പ്രേമികയെ
കോരിത്തരിപ്പിക്കുന്നു.......

ഒരു കണികപോലും ശേഷിക്കാതെ
നിന്നെ ഞാനേറ്റുവാങ്ങും..........

എന്നിട്ടും നീ പെയ്തു തോരുമ്പോൾ
പരിഭവത്തോടെയല്ലാതെ
എനിക്ക് .........
ആകാശത്തേക്ക് നോക്കാൻ വയ്യ......

ഞാൻ അനന്തമായ ദാഹവും,
നീ പ്രണയവുമാകുന്നു............

# മാനം

ദിയ അശോക്
5.D

മാനത്ത് മിന്നുന്ന താരങ്ങളെ
നിങ്ങൾ ഊഞ്ഞാലിൽ ആടി വന്നിരിക്ക്
ആരാരും കാണാതെ വന്നിരിക്ക്.
പൂവിന്റെ ഭംഗിയിൽ നീ മയങ്ങ്
കാറ്റിന്റെ തണുപ്പിൽ മഞ്ഞുപോകരുത്.
മാനത്ത് മിന്നുന്ന പോൻതാരങ്ങളെ
ഭംഗിയിൽ ആഴ്ന്നുപോകരുതെ.
മാനത്തെ ചന്ദ്രന്റെ താരാട്ട് കേട്ട് ഉറങ്ങ്
രാത്രിയിൽ പൂവിന്റെ ചന്തം കണ്ട്
നീ മയങ്ങ്..............
ഭംഗിയിൽ അഴ്ന്ന ശലഭത്തിന്റെ
പൂന്തേൻപ്പാട്ട് കേട്ടുറങ്ങ്...
ചന്ദ്രന്റെ ചന്തം കണ്ടുറങ്ങ്...
മുല്ലപ്പൂവിൻ വാസന ഏറ്റുമയങ്ങ്...
രാവിന്റെ കുളിർക്കാറ്റ്
തണുപ്പിൽ ആഴ്...

ആരങ്ങളിലൂടെ നീ
ആടി നിൽക്ക്.
കാറ്റിന്റെ കൂട്ടിലെ
കുളിർതെന്നലെ
നീ നിന്റെ ബഹിരാകാശം
കണ്ടിട്ട് വാ....
വാൽ നക്ഷത്രങ്ങളെ......

-----------------------------------------------

# മധുര മലയാളം

ഹാജറ.എ
9A



# വിടവാങ്ങൽ

അശ്വതി.എം.എസ്
9B

**വി**ടവാങ്ങാൻ നേരം വിതുമ്പുന്നെൻ അധരം
പാഴ് വാക്ക് പറയാതെ ശ്രദ്ധിച്ച ഞാൻ
എൻ തമ്പുരുവിൻ നാദം നിലച്ച് പോയിട്ടും
സ്വപ്നങ്ങളെല്ലാം തകർന്നടിഞ്ഞിട്ടും
നിൽക്കുന്നു ഞാനീ വിജനമാം വീഥിയിൽ
നഷ്ടസ്വപ്നങ്ങൾ തൻ ഭാണ്ഡവുമായി
പാദങ്ങൾ ഇടറുന്നതറിഞ്ഞതില്ല
എന്റെ പാട്ടിന്റെ ശ്രുതിയും നിലയ്ക്കുന്നതറിഞ്ഞില്ല
ഓർമ്മതൻ കളിവഞ്ചിയിലേറി ഞാൻ
വീണ്ടും തിരിക്കുന്നാകടവിലേക്ക്
മാഞ്ഞുപോയെങ്കിലും ഇന്നുമാശിശിരം
പുനർജ്ജനിക്കുന്ന അഗ്നി പ്രഭയോടെ
സ്നേഹത്തിൻ ഒരു കുലപൂക്കളുമായി
എൻ ദുഃഖസാഗരം കയ്യടക്കി
മോദത്താൽ മേവുന്നാ പുണ്യദിനങ്ങളിൽ
എങ്ങു നീ എങ്ങു നീ പറന്നുപോയി
ഇന്നും ഞാനീ വിജനമാം വീഥിയിൽ
നിൽക്കുന്നു സഖീ നിന്നെയും കാത്ത്
നിൻകാലൊച്ച കേൾക്കുവാനെങ്കിലും

കാതോർത്തിരിപ്പൂ ഞാൻ ഈ വഴിയിൽ
വ്യർത്ഥമാണെങ്കിലും നിൻ അന്തരംഗത്തിൻ
മുക്തിക്കായി ഞാൻ വിടവാങ്ങുന്നു.

# യാത്രാമൊഴി

ജയലക്ഷ്മി.ജെ
9B

ഏകാന്തതെ നിന്നെ സ്നേഹിച്ച് സ്നേഹിച്ച്
എത്ര നിശീഥങ്ങൾ കണ്ണീരിലാഴ്ത്തി ഞാൻ
ഇത്രയും നാൾ ഞാൻ കാത്തോരാമൂല്യങ്ങൾ
കായക്കടലിലടിഞ്ഞു മാഞ്ഞുപോയി
എല്ലാംനശിച്ച ഞാനീവിധമിത്രനാൾ
കണ്ണീർക്കടലിൻ നടുവിൽ കഴിഞ്ഞിട്ടും
ചിത്തം പിടയാത്ത നേരമെനിക്കില്ല.
കാമാന്ധതയാൽ കഴിയുമോ കാണുവാൻ
കാമം പടുത്തൊരാ കാരാഗൃഹങ്ങളെ
മൊട്ടായ് വിരിഞ്ഞൊരനുരാഗ പല്ലവി-
ഞെട്ടറ്റ് വീഴുമെന്നാരറിഞ്ഞു
അല്ലെങ്കിൽ ശാശ്വതസ്നേഹം ഹനിക്കുവാൻ
ദുർവിധിക്കെങ്ങനെ സാധ്യമാകും
പാപം കഴുകനെ പേടിച്ച് പായുന്ന
പാവം കപോതമാണിന്ന് നീ,സത്യമേ
പാത്തും പതുങ്ങിയും കാപട്യം കാട്ടിയും
നീട്ടിക്കഴിച്ചു ഞാൻ വാർഷിക സംഖ്യകൾ
നീണ്ടാൽ കഴിയാൻ കൊതിയ്ക്കയാണെങ്കിലും
നീളില്ല നിശ്ചയം നേരമടുത്തുപോയി.
സ്വസ്ഥതയേകാനണിഞ്ഞിട്ടു ശാന്തതേ
ചിത്തത്തിലൊരാഗ്രഹമുണ്ടായേ,യെന്നെ
നീയുൾത്താരിലേറ്റിയുറക്കാൻ,കിടത്താൻ
എന്നുടെയാനിദ്ര ശാശ്വതമായെങ്കിൽ
യെന്റെയൊരാഗ്രഹം സാക്ഷാത്കരിച്ചെങ്കിൽ
സത്യസന്ധമായി ചൊല്ലുന്ന മർത്യരെ-
തലതാഴ്ത്തി നിൽക്കാനൊരുങ്ങുന്ന ലോകമേ,
ആശയില്ലെനിക്കൽപ്പവും നിന്നിലെൻ
ശാന്തിലോകത്തെ കുടിയിരിക്കട്ടെ
ഒടുവിലായ് ഞാൻ രംഗം വിടുന്നിതാ
കപട ലോകമേ നീ വിടനിൽക്കണേ...

---

# കിനാവിന്റെ ചെപ്പുമായ്

ആതിര. ആർ നായർ
9A

കിനാവിന്റെ വർണ്ണച്ചെപ്പുമായി
പുത്തനുടുപ്പിട്ട് വള്ളിച്ചെരുപ്പിട്ട്
ഭാരമേറുന്ന പുസ്തകക്കെട്ടുമായ്
പോകുന്നു ഇക്കലാശാലയിലേക്ക്
അറിവിന്റെ ഓംകാര മന്ത്രധ്വനിക്കായ്
അത്യുന്നതങ്ങളിൽ ശോഭിക്കുവാൻ
എങ്ങും പുഞ്ചിരിതൻ പൂച്ചെണ്ടുകൾ
എങ്ങും സമാധാന സ്വാഗതക്കൊടികൾ
ഇടയ്ക്കിടെ ഉയരുന്ന കമന്റിന്നപസ്വരം
ഇരവിന്റെ സംഹാര താണ്ഡവം പോലെ
കാലിടറാൻ എളുപ്പമാണീ വഴി
കാതങ്ങൾ താങ്ങാനൊരു ദുർഘടമീപാത
പോകാം ചിത്രശലഭത്തിനെപ്പോലെ
പാറിപ്പറക്കാം ഒരു വാനമ്പാടിയായി
ബന്ധത്തിന്റെ ചുഴിയിൽ നിന്നൊരു മോചനം
ബാഹ്യ ജീവിതത്തിക്കൊരെത്തിനോട്ടം
ഓടുന്നൊരു ജീവിതയാത്രയിൽ
ഓർമ്മകൾതൻ വർണ്ണച്ചെപ്പുമായി
നിൽക്കുന്നു മൂകമായ് ഇക്കലാശാല
അറിവാം അമൃതിന്റെ കുംഭവുമായി
മാഞ്ഞുപോവാതിരിക്കട്ടൊരിക്കലും
മങ്ങാത്ത ഓർമ്മയായ് ഈ പുണ്യദിനങ്ങൾ.

# ഏകാകിനി

നമിത പ്രശാന്ത്
9B




വിടചൊല്ലുമെൻ മനോവ്യഥയോടൊരു
നാൾ മെല്ലെ.........
എൻ രാക്കിളിയോടു പോലുമുരിയാടാതെ
ദുഃഖത്തിൻ നെരിപ്പോടിലമർന്നിന്നു ഞാനൊരു
തപ്തനിശ്വാസമുതിർക്കുമ്പോൾ
ചെന്തീയിലെരിയുന്ന സൂര്യനെ നോക്കി
എൻ മനസ്സിന്റെ നൊമ്പരം ചൊല്ലി
തിരതല്ലിയൊഴുകുന്നൊരാഴിയെ നോക്കി
എന്റെ കരളിന്റെ നൊമ്പരം ചൊല്ലി
മഴകാത്തു കേഴുന്ന വേഴാമ്പലിനെപ്പോലെൻ
മനമൊരല്പം സാന്ത്വനം തേടുമ്പോൾ
എവിടയോ കണ്ടു മറന്നുപോയൊരാ
രാപ്പാടിയും ചിരിക്കുന്നുവോ?
എന്തിനാവേണ്ടി? എന്തിനായി
നിനക്കു ഞാനന്യയോ?
ഒരു നാൾ മറയുമെൻ കിനാക്കൾ
തൂവെള്ള വസ്ത്രവുമായ്
അന്നെൻ അരികിലെത്തണം നീയും
കൈക്കുടന്നയിൽ പനിനീർപ്പൂക്കളുമായ്.

# ലോക സൗന്ദര്യം....

നന്ദന. ബി. പി
9th A

പനിനീർമലരിന്റെ മണമോ.........
ഈ വിശ്വജനനിയാം അമ്മതൻ പുഞ്ചിരിയോ......
കവി ഹൃദയത്തിൽ തുടിപ്പോ നീ ലോകസൗന്ദര്യ
സുരഭിയാം മലരോ........ ദേവകൾ തൻ കരകുമ്പിളാൽ
പൊഴിച്ചൊരു പൗർണ്ണമി നിലാവിന്റെ ചിരിയോ.....
ചക്രവാളത്തിന്റെ മൊട്ടിൽ നിന്നു തിരുന്ന മന്ദാര
മലരോ ചെമ്പകപൂവോ....സൂര്യദേവൻ തന്റെ
രശ്മിയിൽ ചാലിച്ച സൗന്ദര്യ സ്രിശ്ട്ടിതൻ
സംഗീതമോ..വൃന്ദാവനം തന്റെ ഉള്ളിലായ് പാടിയ
ഗോകുലനന്ദന്റെ കോൽ വിളിയോ..വിശ്വനാഥനാം
കൃഷ്ണന്റെ പുഞ്ജിരിയോ..നീ ലോക ദേവിയാം
ലക്ഷമി സരസ്വതി പാർവ്വതിയോ അതോ
പനിനീർ മലരിന്റെ മണമോ.....
ഈ വിശ്വജനനിയാം അമ്മതൻ പുഞ്ചിരിയോ......................

# മനസ്സിൻ സൗന്ദര്യം മനോഹരം

മനസ്സിൻ സൗന്ദര്യം.

ചായം പൂശിയതാണെങ്കിൽ.

മുഖസൗന്ദര്യവും അതുതന്നെയാവാം.

സുന്ദരമാം കാഴ്ചകൾ കാണും

മനസ്സിനെ ദുഷ് ചിതകളിൽ

നിന്ന് മാറ്റുവിൻ.

മനസൗന്ദര്യം അനശ്വരമെങ്കിൽ

മുഖസൗന്ദര്യം അതിലും അനശ്വരം.

സൃഷ്ടികൾ നിൻ ദൃഷ്ചികളാക്കും

മനസ്സിനെ അർത്ഥപൂർണ്ണമാക്കുവിൻ.

# കണ്ണുനീർ.



സന്തോഷവാനായ രാജകുമാരന്റെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു.തങ്കകവിളിലൂടെ കണ്ണുനീർ താഴേക്ക് ഒഴുകുന്നു.ചന്ദ്രികയിൽ രാജകുമാരന്റെ മുഖം അതീവ സുന്ദരമായി കാണപ്പെട്ടു.മീവൽ പക്ഷിയുടെ മനസ്സിൽ അനുകമ്പ നിറഞ്ഞു.

ആരാണ് നിങ്ങൾ?". മീവൽ പക്ഷി ചോദിച്ചു.

"ഞാനാണ് ഹാപ്പി പ്രിൻസ്."

"എന്തിനാണ് നിങ്ങൾ കരയുന്നത്." പക്ഷി വീണ്ടും ചോദിച്ചു.

"ഞാൻ ജീവിച്ചിരുന്നപ്പോൾ കണ്ണുനീർ എന്തെന്ന് എനിക്ക് അറിയില്ലായിരുന്നു.ഞാൻ കൊട്ടാരത്തിലാണ് കഴിഞ്ഞിരുന്നത്.ദു:ഖം അവിടെ പ്രവേശിക്കാൻ അനുവദിച്ചിരുന്നില്ല.എന്റെ ചുറ്റും ഉണ്ടായിരുന്നതെല്ലാം മനോഹരമായിരുന്നു.എന്റെ അനുചരന്മാർ എന്നെ വിളിച്ചിരുന്നത് സന്തോഷവാനായ രാജകുമാരൻ എന്നായിരുന്നു.സുഖസൗകര്യങ്ങളാണ് സന്തോഷമെങ്കിൽ ഞാൻ തീർച്ചയായും സന്തോഷവാനായിരുന്നു.അങ്ങനെ ഞാൻ

ജീവിച്ചു.

അങ്ങനെ തന്നെ മരിച്ചു. ഞാൻ ഇപ്പോൾ മരണപ്പെട്ടവ-നായതു കൊണ്ട് അവർ എന്നെ ഈ ഉയരമുള്ള സ്ഥല-ത്ത് സ്ഥാപിച്ചു.പട്ടണത്തിന്റെ വൃത്തികേടുകളും ദുരിത-ങ്ങളും എനിക്ക് ഇവിടെ നിന്ന് കാണാൻ കഴിയും. എന്റെ ഹൃദയം ഈയം കൊണ്ടാണ് നിർമ്മിച്ചിരിക്കു-ന്നതെങ്കിൽ പോലും എനിക്ക് കരയാതിരിക്കാൻ കഴിയുന്നില്ല."

-----------------------------------------------------------------------

# നിലാവ്



നറുചിരി വിതറാൻ
ചിരിയൊളി പകരാൻ
വിരുന്നെത്തിയിന്നാ
വിണ്ണിൽ നിന്നീ വെണ്ണിലാവ്
ഇരാവിനുള്ളിൽ
വഴിയേതെന്നറിയാതുഴലും
നേരത്തെൻ ചാരത്തായണയും
സഖിയേ പ്രിയ സഖിയേ
മണ്ണിൽ നിന്നിരുളകലാൻ
കണ്ണിൽ കാഴ്ചകൾ തെളിയാൻ
കനവിൽ നിറയും നിനവിൽ
കളിയാ കൂട്ടായണയും നിലാത്തുണ്ടലകേ
നറുനിലാകടവുമായെന്നാമെൻ
അരികിലണയുമോ സഖിയേ.

# മഴത്തുള്ളികൾ കണ്ണുനീർ തുള്ളികളായപ്പോൾ

നിമിഷ.സജി- 9A



മാനത്തു നിന്ന് പെയ്തിറ-ങ്ങിയ
മഴത്തുള്ളികൾ എന്റെകവിളിലൂടെ
ഒഴുകിയപ്പോൾ അതെന്റെ
സ്വപ്നമാണെന്ന്
അറിഞ്ഞിരുന്നില്ല.എന്നെ
സ്നേഹിച്ചവരും എന്റെ കൂട്ടുകാരും,
എന്റെ മാതാപിതാക്കളും ഈ
കണ്ണുനീർ-
ത്തുള്ളിയിലൂടെ ഒഴുകിപ്പോയപ്പോൾ
ഞാൻ കണ്ടിരുന്ന
സ്വപ്നങ്ങൾ മാഞ്ഞുപോകുന്നതു പോലെ
തോന്നി.

നമ്മുടെ പൂർവികർ ചെയ്ത
സത്കർമ്മങ്ങൾ ഇക്കാലത്തുള്ളവർ
വിറ്റ് കാശാക്കി പതിറ്റാണ്ടുകൾക്ക്
മുമ്പുണ്ടായിരുന്ന
നദികളും,പുഴകളും,തോടുകളും നികത്തി
അംബരചുംബികളായ നിർമ്മിതികൾ
തീർത്ത നമ്മുടെ
ആവാസവ്യവസ്ഥയെത്തന്നെ
അട്ടിമറിച്ചുകൊണ്ടുള്ള വികലമായ
വികസനങ്ങൾ നമ്മുടെ വികസന
സ്വപ്നങ്ങളെ തച്ചുടക്കുന്നു.
ഇതിനൊരുപരിഹാരം എന്നോണം
നമ്മുടെ പുഴകളും, നദികളും,
മലകളുംപുനർനിർമ്മിക്കേണ്ടതായ്
വരുന്നു. നമ്മുടെ മുത്തച്ഛന്മാർ
നട്ടുവളർത്തിയ മരങ്ങൾ കാണാത്തില്ല.
ഒരു ആയിസ്സ് മുഴുവൻകൊണ്ട്
ഉണ്ടാക്കിയ സമ്പാദ്യം മുഴുവൻ ഒരു
രാത്രി കൊണ്ട് ഒലിച്ചുപോയപ്പോൾ
നമ്മൾ അറിഞ്ഞിരുന്നില്ല പ്രകൃതിയുടെ
മാറ്റം നമ്മൾ നിർവചിക്കുന്നതിനും
അപ്പുറത്താണെന്ന്. ഇത് പ്രകൃതിയുടെ
ഒരു താക്കീതായി നമ്മൾ
തിരിച്ചറിഞ്ഞ് നാളത്തെ നല്ലൊരു
ദിനത്തിനായി നമുക്ക് കൂട്ടായി
പ്രകൃതിയെ സംരക്ഷിക്കാം.

---------------------------

# ശ്യാമം.....



ഓർക്കാപ്പുറത്ത് പടരുന്ന കാളിമയായ്,
ഇരമ്പിയാർക്കുന്ന താളമായ്,
ഇടറിക്കൊഴിയുന്ന തേങ്ങലായ്, തണുപ്പായ്
മണ്ണിന്റെ മണമായ്, നനുനനുപ്പായ്
എന്നും എന്നെ കൊതിപ്പിച്ച മഴയ്ക്ക്.........

കണ്ണ് നിറയെ പെയ്തു തീർന്ന
ഒരായിരം മഴകൾക്ക്.....
പിന്നെ -,
ഒരിക്കലും ഞാൻ കാണാതെ,
കേൾക്കാതെ, മണ്ണിന്നടിയിലേക്കാഴ് ന്നിറങ്ങി
നിത്യനിദ്രയിലാണ്ട എന്റെ ഉടലിനെ സ്നേഹത്തോടെ
തൊടാനുള്ള ഒരുപാടൊരുപാട് മഴവിരലുകൾക്ക്...

-----------------------------------------------------------

# പച്ചത്തുരുത്തുകൾ തേടുമ്പോൾ

**രാ**വിലെ തന്നെ നല്ല ചൂടൻ കാറ്റടിക്കുന്നു. അതോടെ മനസ്സിലായി കാലാവസ്ഥ ഇന്ന് കുറച്ച് ചൂട് ആയിരിക്കുമെന്ന്. ജനാലയിൽക്കൂടി അയാൾ പുറത്തേ-ക്ക് തലയിട്ടു നോക്കി. അതാ കാറ്റിനെകെട്ടിപ്പിടിച്ചു-കൊണ്ട് പൊടിപടലങ്ങൾ ഉയർന്നു പൊങ്ങുന്നു. അയാൾ ചിന്തിച്ചു ഈ മരുഭൂമിയിൽ എന്നും കാണാവുന്ന കാഴ്ച, എന്തിനോ വേണ്ടി അയാൾ പരതുന്നതു പോലെ. പെട്ടെന്ന് അദ്ദേഹത്തിന്റെ പിടിച്ചുപറ്റികൊണ്ട് അവിടെ കുറേ മരങ്ങൾ നിൽക്കുന്നു. അയാൾ ഓടി ആ സ്ഥലത്ത് എത്തി. വിശ്വസിക്കാനായില്ല. ഒരു ലേകം എങ്ങനെ കൈക്കീഴിൽ ആക്കിയോ അതേ ആഹ്ലാദം, സന്തോഷം, കണ്ണുകൾ പ്രകാശിക്കുന്നു, ശരീരം കുളിരാൻ തുടങ്ങുന്നു. പെട്ടെന്ന് അയാൾക്ക് കാലിൽ എന്തോ കുളിർ അനുഭവ-പ്പെട്ടു. അദ്ദേഹം താഴേക്കുനോക്കി, പച്ചപരവതാനി വിരി-ച്ചതു പോലെയുള്ള തറ. പക്ഷികൾ ചിലയ്ക്കുന്നു, പല തരത്തിലുള്ള പൂക്കൾ നല്ലകാറ്റ്. കുറച്ച് നിമിഷം അദ്ദേഹം ആ പുൽമേടുകൾ ആസ്വദിച്ചുകൊണ്ട് നടന്നു. മരുഭൂമി-യിലെ ചൂടൻ കാറ്റിലൽ നിന്ന് ആശ്വാസം എന്തോ ആ സ്ഥലം തന്റെ സ്വന്തമായി മാറിയതുപോലെ അദ്ദേഹം ഒരു മരത്തിൽ ചാരി

ഇരിപ്പായി. മരത്തിന്റെ നിഴൽ ഒരു കുടപോലെ തന്നെ അദ്ദേഹത്തിനെ മറച്ചു. എന്തൊരാ-ശ്വാസം. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഇപ്പോൾ സന്തോ ഷമാണ്.

പെട്ടെന്ന് മരങ്ങൾക്കിടയിലൂടെ ഒരു അനക്കം. അത് രണ്ടു മനുഷ്യരായിരുന്നു. അവർ മരത്തിന്റെ അടു-ത്തുവന്നു. അവരുടെ മുഖത്ത് പുഞ്ചിരിയുണ്ടായിരുന്നു. ആ പുഞ്ചിരി അത്ര നല്ലതായി അയാൾക്ക് തോന്നിയില്ല. "ആരാ മനസ്സിലായില്ല" അദ്ദേഹം സംശയത്തോടെ ചോദിച്ചു. " ഞങ്ങൾ കുറച്ചു ദൂരെ നിന്നാണ് വരുന്നത്. സാർ ഞങ്ങൾക്കൊരു സഹായം ചെയ്യണം." അയാൾ അത്ഭുതത്തോടെ അങ്ങനെതന്നെ നിന്നു."ഇവിടെയുള്ള മരങ്ങൾ വെട്ടിക്കോട്ടെ." അയാൾ അനങ്ങാതെ നിന്നു. അദ്ദേഹം പറഞ്ഞു "വേണ്ട! വെട്ടാനോ വേണ്ട"എന്തെ-നില്ലാത്ത ധൈര്യം പ്രകൃതി കനിഞ്ഞു തന്നതുപോലെ അദ്ദേഹത്തിനു തോന്നി അവർ പറഞ്ഞു, സാർ ഇതിനെ കെട്ടിപ്പിടിച്ചു കിടന്നിട്ടൊരു കാര്യവുമില്ല. ഇത് വെട്ടി വിറ്റാൽ നല്ല കാശ് നമ്മുടെ കൈയിലിരിക്കും. പണ-ത്തോടുള്ള ആർത്തി കൊണ്ട് മനുഷ്യൻ ഇത്രയും തരം താണോ എന്നോർത്ത് അയാൾ നിശ്ചലനായി നിന്നു. പെട്ടെന്ന് അയാൾ തന്നെ സ്വപ്നത്തിൽ നിന്നുണർന്നു. കണ്ണുതുറന്ന് നോക്കിയപ്പോൾ ഇല്ല പച്ചപ്പ്. പൊടി-പടലങ്ങൾ മാത്രം.

മരങ്ങളില്ല. വെളിയിലേക്ക് നോക്കി കോൺക്രീറ്റ് തറകളും, കൂറ്റൻ കെട്ടിടങ്ങളും മാത്രം. ഇവി-ടെ എവിടുന്ന് പച്ചപ്പ്. എന്തോ സങ്കടം തന്റെ മനസ്സിൽ നിരതല്ലുന്നതുപോലെ. എന്നിട്ടും ചെറിയ ഒരു ആശ്വാസം ഉണ്ട് പച്ചപ്പുള്ള സ്ഥലമുണ്ടേ.

മനുഷ്യൻ ഇന്ന് പണത്തിന് പുറകെ പോകുന്നു. പ്രകൃതിയെ സംരക്ഷിക്കാൻ അവർ തയ്യാറാകുന്നില്ല. പ്രകൃതിയുടെ അതായത് പച്ചപ്പുള്ള സ്ഥലങ്ങൾ സംര-ക്ഷിക്കാണം. അവ നഷ്ടമായാൽ തിരികെ ആ മനോ-ഹാരിത നമ്മുക്ക് കിട്ടുകയില്ല. ഇന്നും പ്രകൃതി സ്നേഹികൾ പച്ചത്തുരുത്തുകൾ തേടി അലയുന്നു.

---------------------------------------------------

# എന്റെ വീട്

എന്റെ വീടൊരു സ്വർഗ്ഗം
അച്ഛനും അമ്മയും മുത്തശ്ശിയും
മുത്തച്ഛനും അനുജനമെല്ലാം
ഒത്തൊരുമിച്ച് കഴിയുന്നൊരു
സ്വർഗ്ഗമാണെന്റെ വീട്



കഥകൾ പറയും മുത്തച്ഛൻ
കവിതകൾ ചൊല്ലും മുത്തശ്ശി
നാനാവർണ്ണപ്പൂക്കൾ വിരിയും
പൂന്തോട്ടത്തിൽ അരികത്തായ്
തേന്നുണ്ണാനായി പാറി നടക്കും
പൂമ്പാറ്റകളും ഉണ്ടിവിടെ
അനുജനമൊത്ത് കളിച്ചീടും ഞാൻ
കഥകൾ പറഞ്ഞ് രസിച്ചീടും
അച്ഛനും അമ്മയും അനുജനമെല്ലാം ഒത്തൊരുമിച്ച്
കഴിയുന്നൊരു സ്വർഗ്ഗമതല്ലോ എൻ വീട്.

# വായനയിലൂടെ അറിവിന്റെ ആകാശത്തേക്ക്


**അ**നുഭവിച്ചറിയാൻ കഴിയുന്നതിനേക്കാൾ കൂടുതൽ വായിച്ചറിയാൻ കഴിയും.വായന നമുക്ക് നൽകുന്ന കരുത്ത് വളരെ വലുതാണ്.

വായനയിലൂടെ കണ്ടെത്തിയ നല്ല കഥാപാത്രങ്ങൾ നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കും.മഹത്തുക്കളുടെ ജീവചരിത്രം നല്ല മനുഷ്യരാകാൻ നമുക്ക് പ്രചോദനമാകും.നല്ല മനുഷ്യരുടെ ജീവചരിത്രങ്ങൾ വായിച്ച കുട്ടികളും,അവയൊന്നും വായിക്കാത്ത കുട്ടികളും ഒരുപോലെ അല്ല.

പാഠഭാഗങ്ങൾ മാത്രമല്ല അറിവിന്റെ ശേഖരങ്ങൾ. അവയ്ക്ക് പുറത്തുമുണ്ട് വായിക്കാനേറെ. ഓരോ പാഠവും പഠിക്കുമ്പോൾ അധികവായനയ്ക്കുള്ള പുസ്തകങ്ങൾ ലൈബ്ര- റിയയിൽ നിന്നും ശേഖരിക്കണം.നിങ്ങളുടെ സ്കൂൾ ലൈബ്രറിയിൽ എത്ര പുസ്തകങ്ങൾ ഉണ്ട് ?.അതിൽ എത്രയെണ്ണം നിങ്ങൾ വായിച്ചു ? എത്രയെണ്ണം ഇനി വായിക്കും ?വായിക്കാനായി ഒരു പദ്ധതി തയ്യാറാക്കുക. വായിച്ച പുസ്തകങ്ങളെപ്പറ്റി ഡയറി എഴു- തുക.വായന അനുഭവങ്ങളുടെ കുറിപ്പുകൾ ക്ലാസിൽ അവതരി- പ്പിക്കുക. നല്ല വായനാഡയറിക്ക് സമ്മാനം നൽകുക.നന്നായി എഴുതാനുള്ള കഴിവ് പരിശ്രമത്തിലൂടെ ആർജിക്കാനാകും.

**അറിവുള്ളവർക്കേ ലോകത്തെ നയിക്കാനാകൂ.....**

# പിതാവിന്റെ പരീക്ഷ



ഒരിക്കൽ ഒരിടത്ത് ഒരു ധനികനായ വൃദ്ധൻ താമസിച്ചിരുന്നു. തന്റെ മൂന്നു പുത്രന്മാരുടെ വിവേകത്തിനെ പരീക്ഷിക്കുവാൻ നിശ്ചയിച്ചു. അദ്ദേഹം ഒരോരുത്തർക്കും എന്തുവേണമെങ്കിലും വാങ്ങിച്ചുകൊള്ളുവാൻ പറഞ്ഞു. പക്ഷേ അവർ വാങ്ങിച്ചു വരുന്ന സാധനങ്ങൾ അവരുടെ വീടു നിറച്ചു ഉണ്ടായിരിക്കേണ്ടതാണെന്ന് ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. അവർ എങ്ങനെയാണ് പണം ചിലവാക്കിയതെന്ന് കണ്ടറിയു-വാൻ താൻ ഒരു ദിവസം വരുന്നതായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. പറഞ്ഞിരുന്നതു പോലെ വൃദ്ധൻ തന്റെ പുത്രന്മാരുടെ വീടുകളെ സന്ദർശിച്ചു. ഒരു മകൻ വൈക്കോൽ കെട്ടുകൾക്കൊണ്ട് വീട് നിറച്ചിട്ടുണ്ടായിരുന്നു. രണ്ടാമത്തെ മകൻ ചില വില കൂടിയ വസ്തുക്കൾ വാങ്ങുന്നതിനായി മുഴുവൻ പണവും ചിലവഴിച്ചു. മൂന്നാമത്തെ മകൻ പുഞ്ചിരിച്ച് അച്ഛനെ സ്വീകരിച്ചു. ഒരു ഭംഗിയുള്ള വിളക്ക് അവന്റെ വീടു മുഴുവൻ വെളിച്ചം പരത്തുന്നുണ്ടായിരുന്നു. ആ വീട് സമ്പന്നത കൊണ്ട് നിറഞ്ഞുള്ളതായി കാണപ്പെട്ടു. പിതാവ് പുഞ്ചിരി പൂണ്ടു. ആ പുഞ്ചിരി അംഗീകാരത്തിന്റേതായിരുന്നു.

# ഒറ്റനോട്ടത്തിൽ കേരളം.

| | |
|---|---|
| രൂപവത്കരണം | :1956 നവംബർ ഒന്നിന്. |
| വിസ്തീർണം | :38,863 ചതുരശ്രകിലോമീറ്റർ. |
| തലസ്ഥാനം | :തിരുവനന്തപുരം. |
| ജില്ലകൾ | :14. |
| ഏറ്റവും വലിയജില്ല | :പാലക്കാട്. |
| ഏറ്റവും ചെറിയജില്ല | :ആലപ്പുഴ. |
| താലൂക്കുകൾ | :75. |
| നിയമസഭാഅംഗങ്ങൾ | :141. |
| ലോകസഭാസീറ്റുകൾ | :20. |
| രാജ്യസഭാസീറ്റുകൾ | :9. |
| കോർപ്പറേഷനുകൾ | :6. |
| നഗരസഭകൾ | :87. |
| ജനസംഖ്യ | :3,34,06,061. |
| ഭാഷ | :മലയാളം |







---

# തൂക്കുപാലം...



1872 ലെ അന്നത്തെ മദ്രാസ് ഗവർണർ 'ഫയർ ധ്വര' തിരുവിതാംകൂർ സന്ദർശനം നടത്തി. മാൾട്ട് എന്ന ധ്വരയായിരുന്നു. ഗവർണറുടെ പൊളിറ്റിക്കൽ സെക്രട്ടറി. തിരുവിതാംകൂർ ദിവാൻജി സർ ടി. മാധവറാവു ആയിരുന്നു. മദ്രാസിൽ നിന്നും ഗവർണർ തിരുവിതാംകൂർ സന്ദർശിച്ചപോൾ പോളിറ്റിക്കൽ സെക്രട്ടറി ദിവാൻജി മാധവറാവുവിനോട് ഒരാവശ്യം ഉന്നയിച്ചു. 'കല്ലടയാറിനു കുറുകെ ഒരു പാലം പണിയുക'. ദിവാൻജി തൽക്കാലം അതിനു മറുപടി ഒന്നും പറഞ്ഞില്ല. കാരണം വർക്കല തുരപ്പിനുവേണ്ടി ഭീമമായ സംഖ്യ ചിലവു ചെയ്തു കഴിഞ്ഞിരുന്നു . തൻ നിമിത്തം ഖജനാവിൽ പണം തീരെ കുറവായിരുന്നു.

ആ സമയം ദിവാൻജിയോടും ഗവർണറോടും ഒപ്പം മഹാരാജാവും ഉണ്ടായിരുന്നു. അപ്പോൾ മഹാരാജാവിന് ഒരു സംശയം ഉണ്ടായി. ആറിനു കുറുകെ പാലം പണിഞ്ഞു തീർന്നാൽ വന്യ മൃഗങ്ങൾ കടന്നു വന്ന് നിർദോഷികളായ തൻറെ പ്രജകളെ ഉപദ്രവിക്കുകയില്ലേ ? യദാർത്ഥത്തിൽ ഖജനാവിൽ പണം കുറവായിരുന്നു എന്നതാണ് അദ്ദേഹം അത് പറയാൻ കാരണം.



പുനലൂർ തൂക്കുപാലം എന്തുകൊണ്ടും ആവശ്യമാണെന്ന് കാര്യകാരണം സഹിതം പൊളിറ്റിക്കൽ സെക്രട്ടറി

രാജാവിനെ പറഞ്ഞു മനസ്സിലാക്കി. രാജാവ് മൗനസമ്മതം നൽകി. അധികം താമസിയാതെ മാർട്ട് പുനലൂരിലെത്തി പാലത്തിൻറെ പണിയെ പറ്റി ആലോചന തുടങ്ങി. അന്നത്തെ പൊതു ചീഫ് എഞ്ചിനീയറായിരുന്ന ബാർട്ടൻ ധ്വര (അദ്ദേഹത്തിൻറെ പേര് ആൽബർട്ട് ഹെൻട്രി എന്നും ചില രേഖകളിൽ കാണുന്നു. സ്കോട്ട് ലന്റുകാരനുമായിരുന്നു. ) പ്രശ്നം പരിഹരിക്കാൻ തീരുമാനിച്ചു. സോവിയറ്റ് റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗ്ഗിലുള്ള ഗൾഫിനു മുകളിലൂടെയും, സ്കോട്ട് ലന്റിലുള്ള നദിക്കു മുകളിലൂടെയും തൂക്കു പാലം പണിഞ്ഞിട്ടുണ്ടെന്നും അതുപോലെ ഇവിടെയും പണിയാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപെട്ടു.

പിന്നീട് പാലം പണിയുടെ നടപടികളിലേക്കു നീങ്ങി. സ്കോട്ട് ലന്റുകാരാൻ എഞ്ചിനീയർ സ്കെച്ചും പ്ലാനും തയ്യാറാക്കി തിരുവിതാംകൂർ എഞ്ചിനീയറെ ഏല്പിച്ചു. വന്യമൃഗങ്ങളുടെ ഒരു ശല്യവും ഉണ്ടാവുകയില്ലെന്ന ഉറപ്പിൽ പാലത്തിൻറെ പണിതുടങ്ങി.

ഏറെ താമസമുണ്ടാകാതെ മഹാരാജാവ് പാലം പണിയാൻ കല്പന പുറപ്പെടുവിച്ചു. ചീഫ് എഞ്ചിനിയർ ബാൾട്ടൻ ധ്വരയുടെ നേതൃത്വത്തിലാണ് പാലം പണി ആരംഭിച്ചത് സ്കോട്ടുലെന്റിൽ ലാർക്കഷെയർ സ്റ്റീൽ കമ്പനിയിലാണ് പാലത്തിനാവശ്യമായ സാധനങ്ങൾ ഉല്പാദിപ്പിച്ചത് .



പാലത്തിനു വേണ്ടിയുള്ള ഭാരമേറിയ നട്ടും,

ബോൾട്ടുകളും, കമ്പികളും, പിരികളും, പലഭാഗങ്ങളായി വേർതിരിച്ച് പായ്ക്കപ്പലിൽ കൊല്ലം തലശ്ശേരി തുറമുഖത്ത് എത്തിച്ചു. വളരെ ഭാരമുള്ള ഇരുമ്പുകളും മറ്റു സാമഗ്രഹികളും പുനലൂരിൽ കൊണ്ടുവന്നത് ആന വണ്ടികളിലായിരുന്നു. ആ കാലത്ത് ആന വണ്ടികൾ നിലവിലുണ്ടായിരുന്നു.

ഇക്കാലത്ത് മദ്രാസ്സ് സംസ്ഥാനത്തിൻറെ തെക്കൻ ജില്ലകളിൽ പ്രത്യേകിച്ചും മധുര ജില്ലയിൽ ഭയങ്കരമായ ക്ഷാമം ബാധിച്ചു. ഉർവ്വശി ശാപം ഉപകാരം പോലെ ഈ ക്ഷാമം പാലത്തിൻറെ പണിക്ക് പരിഹാരമായിത്തീർന്നു. ദരിദ്രരായ വളരെയധികം കല്ലാശാരിമർ ക്ഷാമത്തെത്തുടർന്ന് വഞ്ചിനാട്ടിൽ അഭയം തേടി. ഇവരോടൊപ്പം ചെങ്കോട്ട, തെങ്കാശി, എന്നിവിടങ്ങളിൽ നിന്നും തമിഴ് തൊഴിലാളികളേയും കൊണ്ടുവന്നിരുന്നു. ഈ വിദഗ്ദ കല്ലാശാരിമാരാണ് പാലത്തിൻറെ ഇരുകരകളിലും ഉള്ള കരിങ്കൽ സ്തൂപങ്ങളും അതിനുള്ളിലെ ശംഖു മുദ്രയും നിർമ്മിച്ചത് . ആദ്യഘട്ടം പണിക്ക് ഒരു ലക്ഷം രൂപായും രണ്ടാം ഘട്ടം പണിക്ക് രണ്ടു ലക്ഷം രൂപായുമാണ് മഹാരാജാവ് അനുവദിച്ചിരുന്നത് . ഈ മൂന്ന് ലക്ഷം രൂപകൊണ്ടു തൂക്കു പാലത്തിന്റെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞു . പാലത്തിൻറെ നീളം 400 അടിയും ആർച്ചുകൾക്കിടയിൽ 200 അടിയും ആർച്ചുകൾക്ക് ഇരുവശവും 100 അടി വീതവും ഉണ്ട് . 53 കണ്ണികൾ വീതമുള്ള രണ്ടു ചങ്ങലകളിലാക്കി പാലം

തൂക്കിയിട്ടിരിക്കുന്നു.

പാലത്തിൻറെ ഇരു ഭാഗങ്ങലിലുമായി നാലു കിണറുകൾ സ്ഥാപിച്ചിരിക്കുന്നു. ഈ കിണറുകളുടെ ആഴം സുമാർ 20 അടിയിലധികമാണ് . രണ്ട് ഭാഗത്തിൻറെയും കിണറുകളുടെ മദ്ധ്യത്തിലാണ് പാലത്തിൻറെ ചങ്ങലകളുടെ കണ്ണികൾ കൂട്ടിയിണക്കി കോർത്തിരിക്കുന്നത് . പാലത്തിൻറെ ബലം കിണറ്റിനുള്ളിലെ ചങ്ങലയിൽ ബന്ധിക്കപെട്ടിരിക്കുന്നു.

1877 ആഗസ്റ്റ് ഒന്നിന് ആയില്യം തിരുന്നാൾ മഹാരാജാവ് പുനലൂർ തൂക്കുപാലം ഉത്ഘാടനം ചെയ്തു. പാലം ഉത്ഘാടന വേളയിൽ ഒരു പരീക്ഷണം കൂടി നടത്തപെട്ടു. അന്നു പത്തനാപുരത്ത് താമസക്കാരായിരുന്ന ജനാബ് മുഹമ്മദ് ഖാൻ റാവുത്തരുടെ ഏഴ് ആനകളെ അവിടെ കൊണ്ട് വന്നിരുന്നു. വിദഗ്ദരായ പാപ്പാന്മാരും എല്ലാ പണികളും നോക്കിയിട്ടും ആനകൾ പാലത്തിൽ കയറിയില്ല്ല. പാലത്തിൽ കാലു കുത്തുമ്പോൾ പാലത്തിൻറെ മറ്റേ തല പൊങ്ങുകയും പാലം കുലുങ്ങുകയും കിലുകിലാ ശബ്ദം കേൾക്കുകയും ചെയ്തിരുന്നു. അങ്ങനെ വന്യമൃഗങ്ങളിൽ നിന്നും ശല്യമുണ്ടാവുകയില്ലെന്നു മാർട്ട് ധ്വര മഹാരാജാവിനെ ബോധ്യപ്പെടുത്തി കൊടുക്കുകയും ചെയ്തു.

ഉത്ഘാടനം കാണാനായി കൊല്ലം, കൊട്ടാരക്കര എന്നിവിടങ്ങളിൽ നിന്നും ധാരാളം ജനങ്ങൾ

എത്തിചേർന്നിരുന്നു. പത്തനാപുരം താലൂക്കിൻറെ എല്ലാ ഭാഗങ്ങളിലേയും ജനങ്ങളും അണിനിരന്നിരുന്നു. മഹാരാജാവ് കല്പിച്ചതനുസരിച്ച് ജനങ്ങൾ പാലത്തിൻറെ ഉള്ളിൽ പ്രവേശിച്ചു. ഈ സമയം മാർട്ട് ധ്വരയും മദാമ്മയും പാലത്തിൻറെ അടിയിൽ കൂടി ഒഴുകുന്ന ആറിൽ ഒരു വള്ളത്തിൽ കയറി പാലത്തിന് മദ്ധ്യത്തു നിന്നു. പാലത്തിൻറെ ശക്തി ജനങ്ങളെ ബോധ്യപെടുത്താനയിരുന്നു ധ്വരയുടെ ഈ പരിപാടി. ലോകത്തിലെ തൂക്കുപാലങ്ങളിൽ രണ്ടാം സ്ഥാനം പുനലൂർ തൂക്കുപാലത്തിനാണ്. പുനലൂർ പേപ്പർമില്ലും പുനലൂർ തൂക്കുപാലവും ചരിത്രത്തിൻറെ താളുകളിൽ എഴുതി ചേർക്കപ്പെട്ടിരിക്കുന്നു. അനാഥമായ തൂക്കുപാലവും ഓർമ്മകളുടെ ശവപ്പറമ്പിലേക്കു പറന്നകലുന്നു.



ആയില്യം തിരുന്നാൾ മഹാരാജാവ്



തിരുവിതാംകൂർ ദിവാൻജി സർ ടി. മാധവറാവു




തൂക്കുപാലം-1877



തൂക്കുപാലം-2018

# മൊബൈൽ ഫോൺ മാലിന്യം



പുതിയ മോഡലുകൾ വരുന്നതിനനുസരിച്ച് പലരും ഇടയ്ക്കിടെ ഫോണുകൾ മാറാറുണ്ട്. ഇങ്ങനെ ലോകമെങ്ങും ഒരു വർഷം ദശലക്ഷക്കണക്കിന് മൊബൈൽ ഫോണുകളാണത്രേ വലിച്ചെറിയപ്പെടുന്നത്. ഭൂമിയിലെ
ഇ-മാലിന്യങ്ങളുടെ അളവ് കൂടാൻ ഇത് കാരണമാകും. ഇവ പരിസ്ഥിതിക്കുണ്ടാക്കുന്ന ദോഷങ്ങൾ ചില്ലറയല്ല.

പ്ലാസ്റ്റിക്കിനൊപ്പം മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും അപകടകരമായ ലെഡ് പോലെയുള്ള മാരക വസ്തുക്കളും ഇ-മാലിന്യങ്ങളിലൂടെ മണ്ണിലെത്തും. മാലിന്യത്തിന്റെ ശരിയായ സംസ്കാരണമാണ് ഇതിനുള്ള പോം വഴി. ഫോണുകളുടെ നിർമാണത്തിൽ ഉപയോഗിക്കുന്ന ചെമ്പ്, സ്വർണ്ണം, സിങ്ക്,ബെറിലിയം തുടങ്ങിയ മൂലകങ്ങൾ ഈ മാലിന്യങ്ങളിൽ നിന്ന് വേർതിരിച്ചെടുത്ത് വീണ്ടും ഉപയോഗിക്കാവുന്നതാണ്. മൊബൈൽ ഫോണുകളിലെ പ്ലാസ്റ്റിക്കും റിസൈക്കിൾ ചെയ്തുപയോഗിക്കാം.

--------------------------------------------------------------------------------


# അമൂല്യമായ സ്വത്ത് വായന.




വായിച്ചാലും വളരും വായിച്ചില്ലെങ്കിലും
വളരും വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും.

വായനാദിനം
വന്നെത്തിയപ്പോൾ ആദ്യം മനസ്സിലേക്ക് വന്നത് കുഞ്ഞുണ്ണിമാഷിന്റെ ഈ വരികളാണ്.

കുമാരനാശാൻ,വള്ളത്തോൾ,ഒ.എൻ.വി, ബഷീർ, മാധവിക്കുട്ടി തുടങ്ങി മലയാളത്തിൽ വായനാ സുകൃതം പകർന്നവർ നിരവധിയുണ്ട്.മലയാളിയെ അക്ഷരത്തിന്റെയും വായനയുടേയും ലോകത്തേക്ക് കൈപിടിച്ച് ഉയർത്തുകയും കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനത്തിന് അടിത്തറയിട്ട് ശ്രീ.പി.എൻ.പണിക്കരുടെ ചരമദിനം ആയ ജൂൺ 19 ഇത്തരമൊരു കാര്യത്തിന് ഏറ്റവും അനുയോജ്യമായ ദിവസം എന്ന് തന്നെ പറയാം.



# ഒരച്ഛൻ മകൾക്കയച്ച കത്തുകൾ




**1928**-ലെ പോൽകാലത്ത് തന്റെ മകൾ ഇന്ദിര, ഹിമാലയത്തിലുള്ള മുസ്സൂറിലും ഞാൻ അടിവാര-ത്തുള്ള സമഭൂമിയിലും താമസിക്കുമ്പോൾ അവൾക്കെ-ഴുതിയതാണ് ഈ കത്തുകൾ- ജവഹർലാൽ നെഹറു ഭൂമി-യുടെ ഉത്സവം, മനുഷ്യന്റെ പരിണാമം, പ്രകൃതിയുടെ

വൈവിധ്യം, ഭാഷ, ചരിത്രം, സംസ്കാരം, ഇന്ത്യയുടെ പൈതൃകം തുടങ്ങിയ വിഷയങ്ങളിലേക്ക തുറന്നിട്ട ഇലകങ്ങളാണ് ഇതിലെ ഓരോ കത്തുകളും. നെഹറുവിന്റെ അറിവും ,കാഴ്ചപ്പാടും ഇന്ദിരയുടെ ചിന്താധാരണയെ രൂപപ്പെടുത്തുന്നതിൽ പഹിച്ചപങ്ക് എത്ര വലുതായിരുന്നുവെന്ന് അറിയുവാൻ ഈ കത്തുകൾ നമുക്ക് സഹായകമാവും.

# നെറ്റിൽ കണ്ടതെല്ലാം പൊന്നല്ല



ഇപ്പോൾ എല്ലാവരും മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ടല്ലോ. കൂടുതലും സ്മാർട്ട് ഫോണാണ്. സ്മാർട്ട് ഫോൺ ചെറിയൊരു കമ്പ്യൂട്ടറാണ്. അതിൽ ഇന്റർനെറ്റും കിട്ടും.അതുപയോഗിച്ച് സിനിമ കാണാം. പാട്ട് കേൾക്കാം. ദൂരെയുള്ളവരെ പോലും കണ്ടുകൊണ്ട് സംസാരിക്കാം. വാർ-ത്തകൾ അറിയാം.സന്ദേശങ്ങളും ചിത്രങ്ങളും കൈമാറാം. ബസ്സിന്റെയും തീവണ്ടിയുടെയും ടിക്കറ്റുകൾ എടുക്കാം.സൗഹൃദസംഘങ്ങളിൽ അംഗമാ-കാം.വസ്തുക്കൾ വാങ്ങാം.വിൽക്കാം.ബാങ്കിടപാടുകൾ നടത്താം. ഇന്റർ-നെറ്റ് എത്രയോ ഉപകാരപ്രദമായ സംവിധാനമാണ്.

വിവരങ്ങളുടെ കലവറയാണ് ഇന്റർനെറ്റ്.പഠിക്കാനും ഗവേഷണം നടത്താനുമെല്ലാം ഇന്റർനെറ്റ് സഹായിക്കും. എന്നാൽ അതി-ൽനിന്ന് ലഭിക്കുന്ന വിവരങ്ങളെല്ലാം ശരിയാവണമെന്നില്ല.



വാട്സാപ്പിലോ ഇൻസ്റ്റഗ്രാമിലോ ഫെയ്സ്ബുക്കിലോ കൈമാറിക്കിട്ടുന്ന വിവരങ്ങൾ പരിശോധിച്ച് ശരിയെന്ന് ഉറപ്പാക്കാതെ സ്വീകരിക്കരുത്.അത്തരം വിവരങ്ങൾ കൈമാറുമ്പോഴും ശ്രദ്ധവേണം.

മനഃപൂർവ്വം വ്യാജ വിവരങ്ങൾ പ്രചരിപ്പിക്കരുത്.

തട്ടിപ്പിന് ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുമുണ്ട്. അവർ നിങ്ങളെ പ്രലോഭിപ്പിച്ച് കെണിയിൽ വീഴ്ത്തും. ഗെയിമുകളുടെ ചതിക്കുഴി-യിൽ പെട്ടുപോകാതെ നോക്കണം. എപ്പോഴും ഇന്റർനെറ്റിൽ മുഴുകുന്നത് ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. വിവേകപൂർവ്വം ഉപയോഗിച്ചാൽ ഇതിലും നല്ല ചങ്ങാതിയില്ല.

## നെറ്റിൽ പോകാം, തെറ്റിൽ വീഴരുത്